ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി ആന്റ് ഡി) പരാതികൾ ലഭിക്കുകയാണെങ്കിൽ ആയത് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## ഡ്യൂപ്ലിക്കേറ്റ് സർവ്വീസ് പുസ്തകം അനുവദിച്ച് നടപടികൾ പൂർത്തിയാക്കാൻ നിർദ്ദേശം

57 [2275] ശ്രീ. കെ. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജാസ്പർ തോമസ്, എൽ.ഡി.സി., എ.ഇ.ഒ. ഓഫീസ്, നെടുങ്കണ്ടം, ഇടുക്കി ജില്ല 8/2000-ൽ നെടുങ്കണ്ടം ഗവൺമെന്റ് എച്ച്.എസ്.-ൽ ജോലി നോക്കിയിരുന്നപ്പോൾ അദ്ദേഹം ലീവിലായിരുന്ന കാലഘട്ടത്തിൽ സർവ്വീസ് പുസ്തകം നഷ്ടപ്പെട്ടതിനെ സംബന്ധിച്ച് പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ്; ആയതിൻമേൽ നാളിതുവരെയായി എന്തെല്ലാം തുടർ നടപടികൾ പൂർത്തീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) 17-7-2000 മുതൽ 11-8-2000 വരെയും 21-8-2000 മുതൽ 3-9-2000 വരെയും ടിയാന് പകുതി ശമ്പളത്തിനുള്ള അവധിക്ക് അപേക്ഷ അംഗീകരിച്ച് ശമ്പളം നൽകിയിട്ടുണ്ടോ;

(സി) 22-9-2000-ൽ നൽകിയ അപേക്ഷയിന്മേൽ നടപടി പൂർത്തീകരിക്കാത്തതുകൊണ്ട് ടിയാന്റെ സർവ്വീസ് ആനുകൂല്യങ്ങൾ പലതും നഷ്ടപ്പെടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന് ആവശ്യമായ ക്രമീകരണം ഏർപ്പെടുത്തുമോ;

(ഡി) ടിയാന് ഡ്യൂപ്ലിക്കേറ്റ് സർവ്വീസ് പുസ്തകം അനുവദിച്ച് ഉത്തരവായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(ഇ) ഡ്യൂപ്ലിക്കേറ്റ് സർവ്വീസ് പുസ്തകം അനുവദിച്ച് നടപടികൾ പൂർത്തീകരിക്കുവാൻ അടിയന്തിര നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) നെടുങ്കണ്ടം ഗവ. എച്ച്.എസ്.-ൽ എൽ.ഡി. ക്ലാർക്കായിരുന്ന ശ്രീ. ജാസ്പർ തോമസിന്റെ സർവ്വീസ് പുസ്തകം നഷ്ടപ്പെട്ടതിന് പകരം പുതിയത് തുടങ്ങുന്നതിന് 7-8-2002-ൽ അപേക്ഷ ലഭിച്ചു. 18-10-1993 മുതൽ 1994 വരെയുള്ള

LIBRARY ARCHIVES Kerala Legislative Assembly

സർവ്വീസ് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള ശ്രീ. ജാസ്പർ തോമസിന്റെ യഥാർത്ഥ സർവ്വീസ് പുസ്തകം അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ അനുവാദം ഇല്ലാതെ ഡ്യൂപ്ലിക്കേറ്റായി മാറ്റിയെന്നും പിന്നീട് പുതുതായി തുടങ്ങിയ സർവ്വീസ് പുസ്തകമാണ് നഷ്ടമായതായി പറയപ്പെടുന്നതെന്നും റിപ്പോർട്ട് ചെയ്യപ്പെടുന്നു. ടിയാന്റെ സർവ്വീസ് പുസ്തകം ഉൾപ്പെടെയുള്ള സർവ്വീസ് രേഖകൾ സൂക്ഷിച്ചിരുന്ന അലമാരയുടെ താക്കോൽ ശ്രീ. ജാസ്പർ തോമസിന്റെ കൈവശമായിരുന്നു. ബന്ധപ്പെട്ട അധികാരികളുടെ അനുവാദമില്ലാതെയാണ് ടിയാൻ സർവ്വീസ് പുസ്തകം മാറ്റിയത്. സർവ്വീസ് പുസ്തകം നഷ്ടപ്പെട്ടതിൽ ശ്രീ. ജാസ്പർ തോമസ് കൃത്രിമം കാണിച്ചിട്ടുണ്ടെന്ന് സംശയിക്കുന്നതിനാലും ഇത് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി സർവ്വീസ് ബുക്ക് നഷ്ടപ്പെടാൻ ഇടയായ സാഹചര്യത്തെക്കുറിച്ച് വിശദമായ അന്വേഷണം നടത്തി ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കാൻ പൊതു വിദ്യാഭ്യാസ ഡയറക്ടറോടാവശ്യപ്പെട്ടിട്ടുണ്ട്.

(ബി) 17-7-2000 മുതൽ 11-8-2000 വരെയും 21-8-2000 മുതൽ 2-9-2000 വരെയും ശ്രീ. ജാസ്പർ തോമസ് പകുതി ശമ്പളാവധിയിൽ ആയിരുന്നു. എന്നാൽ സർവ്വീസ് പുസ്തകത്തിന്റെ അഭാവത്തിൽ ഈ അവധികൾ അംഗീകരിച്ച് നൽകുവാൻ കഴിഞ്ഞിട്ടില്ല.

(സി) ഡ്യൂപ്ലിക്കേറ്റ് സർവ്വീസ് പുസ്തകം തുടങ്ങുന്നതിന് അനുസരിച്ച് ടിയാന്റെ മുഴുവൻ ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതാണ്.

(ഡി ആന്റ് ഇ) ശ്രീ. ജാസ്പർ തോമസിന്റെ നഷ്ടപ്പെട്ട സർവ്വീസ് ബുക്കിന് പകരം ഡ്യൂപ്ലിക്കേറ്റ് ഉണ്ടാക്കുന്നതിന് അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## അദ്ധ്യാപകേതര ജീവനക്കാർക്ക് വാടകയിനത്തിൽ ഇളവ്

58 [2276] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപകഭവൻ/ശിക്ഷക്സദൻ എന്നിവയിൽ താമസിക്കുന്നതിന് അദ്ധ്യാപകർക്ക് നൽകുന്ന കൺസഷൻ ഇതേ വകുപ്പിലെതന്നെ മിനിസ്റ്റീരിയൽ ജീവനക്കാർക്ക് ബാധകമാണോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഒരേ വകുപ്പിൽ ജോലി ചെയ്യുന്ന ആളുകൾക്ക് രണ്ടു തരത്തിൽ വാടക നിശ്ചയിച്ചത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) മിനിസ്റ്റീരിയൽ ജീവനക്കാർക്കുകൂടി ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly